STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.593/PR/SPMC/PHQ/2020 Date :03.11.2020

## പോലീസിനുനേരെ മാവോവാദികളുടെ ആക്രമണം;

## പോലീസ് തിരിച്ചു വെടിവെച്ചതിൽ ഒരു മരണം

വയനാട് ജില്ലയിലെ പടിഞ്ഞാറേത്തറ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇന്ന് (നവംബർ മൂന്ന്) രാവിലെ കോമ്പിങ് നടത്തിവന്ന പോലീസ് സംഘത്തിനുനേരെ മാവോവാദികളായ ഒരു സംഘത്തിന്റെ ആക്രമണം ഉണ്ടായി. ആത്മരക്ഷാർഥം പോലീസ് തിരിച്ചു വെടിവെച്ചതിൽ മാവോവാദിസംഘത്തിലെ ഒരാൾ മരണപ്പെട്ടു.

മാനന്തവാടി എസ്.ഐ ബിജു ആന്റണിയുടെ നേതൃത്വത്തിൽ തണ്ടർബോൾട്ട് സംഘം കോമ്പിങ് നടത്തിവരവേ ഇന്ന് രാവിലെ 9.15 മണിയോടുകൂടിയാണ് മീൻമുട്ടി ഭാഗത്ത് വനത്തിനുള്ളിൽ ഒരുസംഘം ആൾക്കാർ പോലീസിനുനേരെ വെടിവച്ചത്. ആയുധധാരികളായ അഞ്ചിലധികം പേരുള്ളതായിരുന്നു സംഘം. പോലീസ് ആത്മരക്ഷാർത്ഥം തിരികെ വെടിവച്ചു. ഏറ്റുമുട്ടൽ അൽപസമയം നീണ്ടു. തുടർന്ന് സംഘത്തിലെ ആളുകൾ ഓടിപ്പോയി. അതിനുശേഷം പോലീസ് സംഘം സ്ഥലത്തെത്തി നോക്കിയപ്പോൾ യൂണിഫോം ധാരിയായ ഒരാൾ മരണപ്പെട്ടു കിടക്കുന്നതു കാണുകയുണ്ടായി. അയാളുടെ കൈവശം ഒരു 0.303 റൈഫിൾ കാണപ്പെട്ടു. അക്രമികൾ സമീപത്തില്ല എന്നുറപ്പാക്കിയശേഷം മൊബൈൽ റെയ്ഞ്ച് കിട്ടുന്ന ഭാഗത്തേയ്ക്ക് മാറി പോലീസുകാർ വിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കുകയായിരുന്നു.

തമിഴ്നാട് തേനി ജില്ലയിലെ പെരിയകുളം അണ്ണാനഗർ കോളനി സ്വദേശിയായ വേൽമുരുഗൻ (33) ആണ് മരിച്ചതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. സർക്കാരിനെതിരെ ഗോത്ര വിഭാഗത്തിൽപ്പെട്ട ജനങ്ങളെ പോരാടുന്നതിനു പ്രേരിപ്പിക്കുന്നതും ആയുധപരിശീലനവും സംഘത്തിലേക്ക് കൂടുതൽ അണികളെ ചേർക്കുന്നതുമാണ് ഇയാളുടെ പ്രധാന ചുമതലകൾ. വയനാട്, കോഴിക്കോട് ജില്ലകളായിരുന്നു ഒളിത്താവളം. കരിക്കോട്ടക്കരി, കേളകം, താമരശ്ശേരി, തലപ്പുഴ, അഗളി, എടക്കര, പൂക്കോട്ടുംപാടം, വൈത്തിരി എന്നീ പോലീസ് സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ വിവിധ വകുപ്പുകൾ പ്രകാരം കേസുകൾ നിലവിലുണ്ട്.

*********************